# First Mid Term Evaluation

KP
Std. 3

## മലയാളം

Time : 45 Mnts.
Score : 20

തന്നിരിക്കുന്ന 4 പ്രവർത്തനങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക. 5 സ്കോർ വീതം.

### പ്രവർത്തനം : 1

**അമ്മുവിന്റെ പിറന്നാൾസമ്മാനം**

അമ്മുവിന് പൂക്കൾ വലിയ ഇഷ്ടമാണ്. അതുകൊണ്ട് പിറന്നാളിന് സ്കൂളിൽ ചെടികൾ സമ്മാനിക്കാൻ അവൾ തീരുമാനിച്ചു. അമ്മു കൊടുത്ത ചെടികളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

ആമ്പൽ, താമര, ഓർക്കിഡ്, റോസ, അരളി, തെച്ചി, മുല്ല, ചെണ്ടുമല്ലി, സീനിയ, കനകാംബരം - ചെടികളെ അക്ഷരമാലാക്രമത്തിൽ നിരത്തിവയ്ക്കാൻ ടീച്ചർ അമ്മുവിനോട് ആവശ്യപ്പെട്ടു. കൂട്ടുകാർ അമ്മുവിനെ സഹായിക്കേണ്ടേ.

### പ്രവർത്തനം : 2

**അലങ്കാരം**

പിറന്നാളിന് വീട് അലങ്കരിക്കണം. കുറേ ബലൂണുകളുണ്ട്. അമ്മു ബലൂണിൽ കാറ്റു നിറയ്ക്കുകയാണ്. കാറ്റടിച്ചപ്പോൾ ബലൂൺ <u>വലുതായി വലുതായി</u> വന്നു. 'ടപ്പോ' ദേ ബലൂൺ ഒറ്റപ്പൊട്ടൽ. അതുകണ്ട് മിന്നു <u>പൊട്ടിപ്പൊട്ടി</u> ചിരിച്ചു.

- അടിവരയിട്ടിരിക്കുന്ന പദക്കൂട്ടുകൾ കണ്ടില്ലേ. ഇതുപോലെ ചുവടെ തന്നിരിക്കുന്ന പദക്കൂട്ടുകളെ വാക്യങ്ങളിൽ ചേർത്ത് പ്രയോഗിച്ചുനോക്കൂ.

a. ഓടിയോടി b. പറന്നുപറന്ന് c. ചാടിച്ചാടി

d. ഉയർന്നുയർന്ന് e. നോക്കിനോക്കി

്രവർത്തനം : 3

**പഴഞ്ചൊല്ല്**

കൊയ്ത്തു കഴിഞ്ഞ് വയലൊഴിഞ്ഞു. കളിക്കാനായി കുട്ടികൾ വയൽ ഏറ്റെടുത്തു. ആകെ കൂക്കും വിളിയും. ബഹളം തന്നെ. 'എന്താ കുട്ടികളേ, കാക്കക്കൂട്ടിൽ കല്ലെറിഞ്ഞതുപോലെ?' മുത്തശ്ശി ചോദിച്ചു.

കാക്കയെക്കുറിച്ച് മുത്തശ്ശി പറഞ്ഞതുകേട്ടില്ലേ? ഇത്തരം ചൊല്ലുകൾ നിങ്ങൾ പരിചയപ്പെട്ടിട്ടുണ്ടാവുമല്ലോ. പക്ഷികൾ വിഷയമായി വരുന്ന 5 ചൊല്ലുകൾ എഴുതൂ.

പ്രവർത്തനം : 4

**കാനനോത്സവം**

കാനനോത്സവത്തിൽ സംഘഗാനം ഉൾപ്പെടുത്താൻ മന്ത്രി മയിലമ്മ തീരുമാനിച്ചു. ഈ സംഘഗാനത്തിന്റെ നിയമാവലി തയ്യാറാക്കണം. കൂട്ടുകാർ മയിലമ്മയെ സംഘഗാനത്തിന്റെ നിയമാവലി തയ്യാറാക്കി സഹായിക്കൂ.

പ്രവർത്തനം : 5

**വായ്ത്താരി**

തിന്താരോ തക തിന്താരോ
തിന്താരോ തക തിന്താരോ

നമ്മൾ ഈണമിട്ടു പാടിയ ഈ വായ്ത്താരി എല്ലാവർക്കും ഇഷ്ടമായില്ലേ? ഇനിയും വായ്ത്താരികൾ നിർമ്മിച്ച് നോക്കിയാലോ. വ്യത്യസ്ത ഈണങ്ങളിൽ പാടാവുന്ന അഞ്ച് വായ്ത്താരികൾ തയ്യാറാക്കൂ.